കാസർഗോഡ് ജില്ലയിലെ എന്യൂമറേറേർമാരുടെ അലവൻസ് കൊടുത്തുതീർക്കാൻ നടപടി

130 [2740] ശ്രീ. എം. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കണക്കെടുപ്പുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ 2002-ലെ ലിസ്റ്റ് ഇപ്പോൾ പ്രാബല്യത്തിലുണ്ടോ;

(ബി) ഈ ലിസ്റ്റ് പ്രകാരം സംസ്ഥാനത്ത് എത്ര പേരാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി ഉള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ കണക്കെടുപ്പ് നടത്തിയ എന്യൂമറേറേർമാർ ആരായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് നൽകാനുള്ള അലവൻസ് ഒരു വീടിന് എത്ര രൂപ നിരക്കിൽ ആയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് ജില്ലയിൽ എന്യൂമറേറേർമാരുടെ അലവൻസ് കൊടുത്തുതീർക്കാൻ ബാക്കിയുണ്ടോ; എങ്കിൽ പ്രസ്തുത അലവൻസ് എത്രയും പെട്ടെന്ന് കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ദാരിദ്ര്യരേഖാ സെൻസസ് പ്രകാരമുള്ള ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഇതുപ്രകാരമുള്ള ലിസ്റ്റ് ഇപ്പോൾ പ്രാബല്യത്തിൽ ഇല്ല.

(ബി) 'എ' പിരിവിനുള്ള ചോദ്യത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) വി.ഇ.ഒ./എൽ.വി.ഇ.ഒ.മാർ, സാക്ഷരതാപ്രേരക്മാർ, എസ്. സി./എസ്.ടി. പ്രൊമോട്ടർമാർ, നെഹ്റു യുവക് കേന്ദ്ര വോളണ്ടിയർമാർ, അംഗൻവാടി ടീച്ചർമാർ, ഗ്രാമപ്രദേശങ്ങളിലെ സന്നദ്ധസംഘടനകളുടെ വോളണ്ടിയർമാർ, കോളേജുകളിലെ എൻ. എസ്. എസ്. വോളണ്ടിയർമാർ എന്നിവരാണ് ദാരിദ്ര്യരേഖാ സെൻസസ്സിനുള്ള എന്യൂമറേഷൻ ജോലികൾ നടത്തിയത്.

(ഡി) സെൻസസ് നടത്തി ഫാറം പൂരിപ്പിക്കുന്നതിന് ഒരു ഫാറത്തിന് 4.00 രൂപയും (നാലു രൂപ), ക്ലാസ് I, ക്ലാസ് II മലമ്പ്രദേശങ്ങളിൽ 5.00 രൂപയും (അഞ്ച് രൂപ) ആയിരുന്നു അലവൻസ്.

(ഇ) ഉണ്ട്. കമ്പ്യൂട്ടറൈസ് ചെയ്ത വിവരങ്ങൾ പരിശോധിച്ച് സർവ്വേ അന്യൂനമാണെന്ന് ബോദ്ധ്യമായ ശേഷം ഇനി നൽകാനുള്ള 25% തുക നൽകുന്നതാണ്. ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly